**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1836** **29-09-2025 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹിക്കുന്നതിനായി ബിറ്റുമിൻ കോട്ടിംഗ് (Super ThermoLay App Modified Waterproofing Membrane) ഉപയോഗിച്ചുള്ള പ്രവൃത്തിയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. പ്ലാനറ്റേറിയം കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി 08.04.2025-ന് ചേർന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തി നിലവിലുള്ള എസ്റ്റിമേറ്റിനുള്ളിൽ പരിമിതപ്പെടുത്തി നിർവ്വഹിക്കുന്നതിന് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നു. |
| (ബി) | പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച ഏത് രീതിയിൽ പരിഹരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിന് അംഗീകാരം നൽകിയിട്ടുണ്ടോ എന്നും അറിയിക്കാമോ; | (ബി) | എ-യിൽ മറുപടി നൽകിയിട്ടുണ്ട്. |
| (സി) | ചോർച്ച പരിഹരിച്ച് പ്ലാനറ്റോറിയം എന്നത്തേക്ക് പൊതുജനങ്ങൾക്ക് തുറന്നുനൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്ലാനറ്റേറിയം കെട്ടിടത്തിൽ പ്രൊജക്ടർ ഉൾപ്പടെയുള്ള വിലകൂടിയ ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതിനാൽ കെട്ടിടത്തിലെ ചോർച്ച പൂർണമായും പരിഹരിച്ച്, പ്ലാനറ്റേറിയം പ്രവർത്തനസജ്ജമാക്കി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിനാണ് പദ്ധതിയിടുന്നത്. |

സെക്ഷൻ ഓഫീസർ